# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

നമ്പർ: കെഎസ്എകെടിഎംപി11/1536/2023 തീയ്യതി: 04/11/2023

**കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2023 | 16-08-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഡാനിമോൾ കെ ജെ, ഓഡിറ്റ് ഓഫീസർ

ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി എസ് സജിമോൻ | പ്രസിഡന്റ് | 01-05-2022 | 31-12-2022 |
| ശ്രീമതി. സിന്ധു എ എസ് | പ്രസിഡന്റ് | 01-01-2023 | 31-03-2023 |
| ശ്രീ. പ്രദീപ് പി ജി | സെക്രട്ടറി | 01-04-2022 | 05-05-2022 |
| ശ്രീമതി. നിമ്മി ജേക്കബ് | സെക്രട്ടറി | 06-05-2022 | 05-10-2022 |
| ശ്രീമതി. സിന്ധുമോൾ കെ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2022 | 12-10-2022 |
| ശ്രീമതി. ഗിരിജകുമാരി അയ്യപ്പൻ | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധുമോൾ കെ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അജീഷ് കെ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 01-04-2022 | 31-03-2023 |
| ആർദ്ര ആൻ പോൾ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഗീതാ പി. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 17-04-2022 |
| രശ്മി കൃഷ്ണൻ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 18-04-2022 | 31-03-2023 |
| അനിൽകുമാർ കെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| കണ്ണൻ എസ്. പിള്ള | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| പത്മകുമാർ പി. ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുട്ടിക്കൽ | 01-04-2022 | 31-03-2023 |
| ഡോ. റീബി തോമസ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 30-04-2022 |
| ഡോ. രഞ്ജിനി ജോൺസൺ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-05-2022 | 14-10-2022 |
| ഡോ. വിദ്യ മോഹൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 15-10-2022 | 31-03-2023 |
| ഡോ. പ്രശാന്ത് എ എം | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. അഞ്ജു എലിസ് ബെൻ | വെറ്റിനറി സർജൻ | 01-04-2022 | 30-09-2022 |
| ഡോ. നെൽസൺ എം മാത്യു | വെറ്റിനറി സർജൻ | 01-10-2022 | 10-11-2022 |
| ഡോ. സോന സണ്ണി | വെറ്റിനറി സർജൻ | 11-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-8 |
| 10 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 24 | റിസോർട്ടിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത- നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. | 1-12 |
| 25 | മേൽത്തരം തറ നിർമ്മിതിക്ക് അനുസൃതമായി 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് വരുത്തിയിട്ടില്ല | 1-13 |
| 26 | റേഷൻ വ്യാപാരികൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 27 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-15 |
| 28 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16-1 |
| 29 | റിസോർട്ട് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-16-2 |
| 30 | പാരാമെഡിക്കൽ സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 31 | അഗ്നി സുരക്ഷാവകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാതെ High Rise കെട്ടിടത്തിന് നിർമ്മാണാനുമതി നല്കി | 1-18 |
| 32 | അധിക വിഭവസമാഹരണം | 1-19 |
| 33 | പ്രളയദുരന്തനിവാരണത്തിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ തുക വകയിരുത്തിയിട്ടും നടപ്പാക്കിയില്ല. | 1-20 |
| 34 | സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് സ്വകാര്യ കൺസൽട്ടൻസിക്ക് അധികതുക നല്കി | 1-21 |
| 35 | കരാറുകാർക്ക് ജി എസ് ടി അധിക നിരക്കിൽ നല്കി | 1-22 |
| 36 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകം-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-23 |

| | | |
|---|---|---|
| 37 | ഉരുളുമൊട്ട ജലനിധി കുടിവെള്ള പദ്ധതി മെയിന്റനൻസ് (വാർഡ് നം 1) പഴയ മോട്ടോർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-24 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- പ്രവൃത്തി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 39 | സ്പെഷ്യൽ കെയർ യൂണിറ്റിന് ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങിനൽകിയത് - പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ | 1-26 |
| 40 | ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചത്- തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-27 |
| 41 | കാലിത്തീറ്റവിതരണം-കൈകാര്യചെലവായി തിരികെ ലഭിക്കുന്ന തുക അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 1-28 |
| 42 | അങ്കണവാടി നിർമ്മാണത്തിന് ദേശീയ ഗ്രാമീണതൊഴിലുറപ്പുമിഷന് തുക കൈമാറിയത് - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-29 |
| 43 | ജലനിധി- ബാങ്ക് അക്കൗണ്ടിൽ 3017594/-രൂപ അവശേഷിക്കുന്നു. | 1-30 |
| 44 | കുട്ടിക്കൽ എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-31 |
| 45 | ലൈഫ് മിഷൻ– ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് സ്വകാര്യ കൺസൽട്ടൻസിക്ക് അധികതുക നല്കി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുട്ടിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.06.2023 തീയതിയിലെ 1/1 തീരുമാനം പ്രകാരം അംഗീകരിച്ച് 24.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുട്ടിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

#### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും

ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

**1-1-3 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.**

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

**1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-6 ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല**

സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-8 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.**

പ്രോജക്ട് നം. 190/22-23, പി എസ് ജംഗ്ഷൻ കുടിവെള്ള പദ്ധതി - ത്രീ ഫേസ് ലൈൻ പ്രകാരം കെ എസ് ഇ ബി-ക്ക് നൽകിയിട്ടുള്ള 50622/- രൂപ വാർഷിക ധനകാര്യ പത്രികയിലെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-9 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

ബി-5 Secured Loans ഷെഡ്യൂളും ബി-16 Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

**1-1-10 ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ബി 4 ഷെഡ്യൂളിലെ 320700405 – Contributions For Other Specific Purposes (For Revenue Expenditure) – From District Panchayats എന്ന ഹെഡിലെ തുകയുടെ വിവരങ്ങൾ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ലഭ്യമല്ല.

**1-1-11 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-12 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 21.03.2022 ലെ 17(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.03.2023 തീയതിയിലെ II/1-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ

| ഇനം | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 6340509.00 |
| വരവ് | 181267298.00 |
| ആകെ | 187607807.00 |
| ചെലവ് | 180255000.00 |
| നീക്കിയിരിപ്പ് | 7352807.00 |

## 1-3 സാമ്പത്തിക വിശകലനം

റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 13582625.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 31862159.00 |
| ആകെ | 45444784.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 29781922.00 |
| നീക്കിയിരിപ്പ് | 15662862.00 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 109317657 |
| ആകെ ചെലവ് | 110889132 |
| വരുമാനമിച്ചം | 1571475 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 358844 |
| അറ്റ പ്രവർത്തന നഷ്ടം | (1212631) |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 180273/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2374553 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17334000 | 17334000 | 16156823 | 1177177 | 93.2 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4615000 | 4615000 | 4235877 | 379123 | 91.78 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 580000 | 580000 | 498815 | 81185 | 86.00 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4041000 | 4041000 | 3020179 | 1020821 | 74.74 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 3028902 | 1541098 | 66.28 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 236637 | 3137952 | 3374589 | 2782443 | 592146 | 82.45 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 952160 | 5135390 | 6087550 | 3450404 | 2637146 | 67.18 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2035 | 34198241 | 34200276 | 34154042 | 46234 | 99.86 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 821368 | 1155677 | 1977045 | 190188 | 1786857 | 9.6 |
| ശുചിത്വമിഷൻ ഗ്രാന്റ് | 460900 | 84000 | 544900 | 186999 | 357901 | 34.31 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി., റ്റി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 3795629/-രൂപ, 801259/-രൂപ, 13950/-രൂപ വീതം കറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 252/22-23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 1372214 | വികസനഫണ്ട് പൊതുവിഭാഗം |
| 263/22-23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 1372215 | വികസനഫണ്ട് പൊതുവിഭാഗം |
| 250/22-23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ | 350400 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| ഈടാക്കുന്ന തുക | | |
| 251/22-23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 262/22-23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 3795629 | |
| 264/22-23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 400629 | വികസനഫണ്ട് എസ്.സി.പി. |
| 283/22-23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 400630 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 801259 | |
| 283/22-23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( റ്റി.എസ്.പി. ) | 6975 | വികസനഫണ്ട് റ്റി.എസ്.പി. |
| 283/22-23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( റ്റി.എസ്.പി. ) | 6975 | വികസനഫണ്ട് റ്റി.എസ്.പി. |
| ആകെ | 13950 | |

ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) ഇനത്തിൽ പലിശ തുകയായ 101696/- രൂപയും കൂടി ചേർത്താണ് വരവ് തുക കണക്കാക്കിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

**പദ്ധതി രൂപീകരണം**

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 19-5-22 ലും വികസന സെമിനാർ 30-5-22 ലും ചേർന്നിട്ടുണ്ട്.വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 14-10-22 ൽ അംഗീകാരം ലഭിച്ചു. 2022-23 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്റ്റുകൾ | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1616914 | 1616175 |
| വെറ്ററിനറി സർജൻ | 9 | 9 | 2772200 | 2764354 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി ) | 8 | 5 | 1591048 | 1104310 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2398650 | 2314725 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 540000 | 152000 |
| വി.ഇ.ഒ | 18 | 18 | 25336386 | 9047507 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 4765134 | 3167603 |
| സെക്രട്ടറി | 53 | 44 | 14088876 | 10196962 |
| അസി.എഞ്ചിനീയർ | 75 | 57 | 15534634 | 10237654 |
| ഹെഡ്മാസ്റ്റർ | 7 | 7 | 177150 | 175629 |
| അസി.സെക്രട്ടറി | 8 | 8 | 829723 | 798729 |
| ആകെ | 199 | 167 | 69650715 | 41575648 |

പദ്ധതി നിർവ്വഹണത്തിന് ലഭിച്ച സർക്കാർ ധനസഹായത്തിന്റെ വിനിയോഗം

| ഫണ്ടിനം | ലഭിച്ച തുക | ചെലവ് | ബാക്കി | അടുത്ത വർഷം ക്യാരി ഓവർ വിഹിതമായി ലഭിക്കുന്നത് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 17334000 | 16156823 | 1177177 | 1177177 | ഇല്ല |
| എസ് സി പി | 4615000 | 4235877 | 379123 | 379123 | ഇല്ല |
| റ്റി എസ് പി | 580000 | 498815 | 81185 | 81185 | ഇല്ല |
| റോഡ് സംരക്ഷണ ഗ്രാന്റ് | 4041000 | 3020179 | 1020821 | 808200 | 212621 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 4570000 | 3028902 | 1541098 | 914000 | 627098 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 3374589 | 2782443 | 592146 | 592146 | ഇല്ല |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 5135390 | 3450404 | 1684986 | 1684986 | ഇല്ല |
| | | | | ആകെ | 839719 |

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഒഴിച്ചുള്ളവയിൽ നിർദ്ദേശിച്ച ചെലവ് ശതമാനം ആർജിക്കാനും ഫണ്ട് ലാപ്സ് ഒഴിവാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ മെയിന്റനൻസ് ഗ്രാന്റിൽ 8.39 ലക്ഷം രൂപ ലാപ്സായത് ഒഴിവാക്കേണ്ടതായിരുന്നു.

<u>നിർവ്വഹണം</u>

പ്രകൃതി ദുരന്തങ്ങൾക്ക് ശേഷം തയ്യാറാക്കപ്പെട്ട വാർഷിക പദ്ധതിയിൽ മുൻ വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ തുടർ പ്രോജക്ടുകൾ മാത്രമാണ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും തകർന്ന പോയ റോഡുകളുടെയും, അങ്കണവാടികളുടെയും, കുടിവെള്ള

പ്രോജക്ടുകളുടെയും നവീകരണത്തിനാണ് വാർഷിക പദ്ധതിയിൽ ഊന്നൽ നല്കിയത്.

- കൃഷി തകർച്ച നേരിട്ട ക്ലട്ടിക്കൽ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഏറ്റെടുത്ത 7 പ്രോജക്ടുകളും നടപ്പാക്കുകയും വകയിരുത്തിയ തുകയുടെ 99.95% വും ചെലവഴിക്കുകയും ചെയ്ത കൃഷി ഓഫീസറുടെ നടപടി പ്രശംസനീയം ആണ്.
- കാലിവളർത്തൽ മേഖലയിൽ ഏറ്റെടുത്ത 9 പ്രോജക്ടുകളും നടപ്പാക്കാൻ വെറ്ററിനറി സർജന് കഴിഞ്ഞിട്ടുണ്ട്.
- സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ഏറ്റെടുത്ത മുറ്റത്തൊരു മീൻ തോട്ടം പ്രോജക്ടിന് ആകെ അടങ്കലിന്റെ 28.14% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.
- വില്ലേജ് എക്സ്റ്റൻ ഓഫീസർ നടപ്പാക്കിയും ഗ്രാമപഞ്ചായത്തിന്റെ നിലവിലെ അവസ്ഥയിൽ പൊതുജനങ്ങൾക്ക് ഏറ്റവും പ്രയോജന പ്രദമായതുമായ വീട് നിർമ്മാണം, അറ്റകുറ്റപ്പണി ,ശൗചാലയ നിർമ്മാണം തുടങ്ങിയവക്ക് വകയിരുത്തിയ ഫണ്ടിന്റെ 35.70% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത് എന്നത് വീഴ്ചയാണ്.
- സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും നിർവ്വഹണം നടത്തിയിട്ടില്ല.
- ജലനിധി ഫണ്ടിനത്തിൽ 25 ലക്ഷം രൂപയോളം പഞ്ചായത്ത് അക്കൗണ്ടിൽ ഉണ്ടെങ്കിലും തുടർ നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ ചെലവഴിക്കുന്നതിന് കഴിയുന്നില്ല. സർക്കാർ അനുമതിയോടെ ഈ തുക കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് ഉപയോഗിക്കുന്നത് പരിഗണിക്കേണ്ടതാണ്.
- പൊതുമരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിലെ സവിശേഷ സാഹചര്യത്തിൽ ടെണ്ടർ എക്സസ് അനുവദിക്കാൻ കഴിയില്ലെന്ന പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം അവസരോചിതവും സാമ്പത്തികാവസ്ഥ ഉൾക്കൊണ്ടുള്ളതുമാണ്.
- 722300/- രൂപ ചെലവിൽ മുതുകോരമലയിൽ സ്ഥാപിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം പൂർത്തിയാക്കുകയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട് ജനസഞ്ചാരം കുറഞ്ഞ സ്ഥലത്ത് ആയത് സ്ഥാപിച്ചത് ആവശ്യകത പരിഗണിച്ചാണ് എന്ന് കാണുന്നില്ല.
- പ്രകൃതി ദുരന്ത സാദ്ധ്യതാ പ്രദേശം എന്ന നിലയിൽ ദുരന്ത മാനേജ്മെന്റ് പദ്ധതി കാലികമായി പരിഷ്കരിക്കുന്നതിനും ആയതിന് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ഒന്നാം വാർഷിക പദ്ധതിയിൽ കഴിഞ്ഞിട്ടില്ല. അഭയകേന്ദ്രത്തിനായുള്ള പ്രവർത്തനം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**മോണിറ്ററിംഗ്**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 272 പ്രോജക്ടുകളിൽ 237 എണ്ണവും തൻവർഷം നടപ്പിലാക്കി. 86481 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1293 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ ,തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്,അസോള,സോക്ക്പിറ്റ്, കംപോസ്റ്റ് പിറ്റ് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ.MGNREGS

ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 2035 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 33014507 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 1183734 |
| ആകെ | | 34200276 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 26867788 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 2275719 |
| | സാധന വില,വാടക,ബാങ്ക് ചാർജ് | 3871000 |
| | ഭരണ ചെലവുകൾ | 1139535 |
| ആകെ ചെലവ് | | 34154042 |
| | നീക്കിയിരിപ്പ് | 46234 |

## 1-7 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 15360 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 1768000 | 155 |
| വിധവാ പെൻഷൻ | 4227000 | 389 |
| വാർദ്ധക്യകാല പെൻഷൻ | 19323900 | 1819 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1904200 | 176 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 307200 | 28 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 05.08.2023 തീയതിയിൽ 03.10 പി എം സമയത്ത് നടത്തുകയുണ്ടായി. 7277/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ് .

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

**5) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**6) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2022 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2018 മുതൽ 04.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | എൽ.ബി.എ.(എച്ച്.ക്യൂ.)II/1/8A-51/2018-19/71 തീയതി 05.07.2018 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67395785069 നം. എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ

ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/10.08.2023) ഇത് സംബന്ധിച്ച് ഐ കെ എം-ന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉചിതമായ നടപടികളിലൂടെ ആയതിന് പരിഹാരം കാണേണ്ടതാണ്.

**1-12 റിസോർട്ടിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത- നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിൽ 6-ാംവാർഡിൽ നിർമ്മിച്ചതും ശ്രീ.അലക്സ്.പി.കോശി, പാറക്കൂട്ടത്തിൽ, പുല്ലാട് എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ 6/484/V എന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ ഉപയോഗക്രമം റിസോർട്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉടമസ്ഥൻ സമർപ്പിച്ച ഫോമിൽ കെട്ടിടത്തിന്റെ തറ നിർമ്മിതി സംബന്ധിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ സാധാരണ തറനിർമ്മിതി എന്നു രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (GF:33.94+ FF:118.87+ SF:214.43) 367.24 ച.മീറ്ററാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ഉൾപ്പെടെ നികുതി നിർണ്ണയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ വിവരണം നികുതിനിർണ്ണയത്തിനുവേണ്ടിയുള്ള അപേക്ഷയിൽ രേഖപ്പെടുത്താത്തതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 18/11.8.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷയിലെ അപാകത ശ്രദ്ധിക്കാതെ വിട്ടുപോയതാണെന്നും കെട്ടിടത്തിൽ വിലയേറിയ തറനിർമ്മിതിയാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിരുന്നുവെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി വരുത്തിയപ്പോൾ തറനിർമ്മിതിയുടെ തരം തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, അപാകത പരിഹരിച്ച് മേൽത്തരം തറനിർമ്മിതിയ്ക്ക് ബാധകമായ വർദ്ധനവ് ഉൾപ്പെടെ രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ഡിമാന്റ്, നികുതി ഈടാക്കിയതിന്റെ വിശദാംശം ഇവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-13 മേൽത്തരം തറ നിർമ്മിതിക്ക് അനുസൃതമായി 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് വരുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-2-2-2 പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ഉൾപ്പെടെ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഏതാനും കെട്ടിടങ്ങളുടെ തറ മേൽത്തരം എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ കെട്ടിടത്തിന്റെ ഓരോ ഭാഗവും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽനിന്ന് വർദ്ധനവ് വരുത്താതെ നികുതി നിർണ്ണയിക്കുകയും ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് കെട്ടിട നമ്പർ | വിസ്തീർണ്ണം | ഉപയോഗക്രമം | ഉടമ | നിർണ്ണയിച്ച നികുതി |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 6/484/P | 213.26 | റിസോർട്ട് (മേൽത്തരം തറനിർമ്മിതി എന്നു ഫോറം 6- ൽ രേഖപ്പെടുത്തിയെങ്കിലും സഞ്ചയയിൽ 6/484/Q എന്ന കെട്ടിടത്തിനു മാത്രമാണ് ഇപ്രകാരം രേഖപ്പെടുത്തിയത്. | സുരേഷ് ബാബു.ജി & Others | അടിസ്ഥാന നികുതി @ 90/-രൂ (19193.40+19193.40+20771.10) | 59157.90 |
| 6/484/Q | 213.26 | | | റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) (3838.68+3838.68+4154.22) | 11831.58 |
| 6/484/R | 230.79 | | | | |
| ആകെ | 657.31 | | | ആകെ | 70989.48 |
| 11/133 B | 50.7 | വാണിജ്യാവശ്യത്തിനുള്ള ച.മീറ്ററിനുമുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | റെജി തോമസ്, ഡോണിയ റെജി, കളമറ്റത്തിൽ, പാറത്തോട് | അടിസ്ഥാനനികുതി @70/-രൂ (3549+6224.4+11757.2) | 21530.60 |
| 11/133 C | 88.92 | | | റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) (709.8+1244.88+2351.44) | 4306.12 |
| 11/133 D | 167.96 | | | | |
| ആകെ | 307.58 | | | ആകെ | 25836.72 |
| 11/133 E | 63.04 | പാർപ്പിടാവശ്യം | | അടിസ്ഥാനനികുതി @7/-രൂ (441.28+603.61+527.52+580.65) | 21530.06 |
| 11/133 F | 86.23 | | | റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) (88.256+120.722+105.504+116.13) | 430.61 |
| 11/133 G | 75.36 | | | | |
| 11/133 H | 82.95 | | | | |
| | | | | ആകെ (ഡിമാന്റ് ചെയ്ത തുക) | 21960.67 |

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 18/11.8.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ തറനിർമ്മിതി 250ച.മീറ്ററിൽ കൂടുതൽ ഉള്ള കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകുന്ന വേളയിൽ പ്രസ്തുത കെട്ടിടം മറ്റൊരു കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കലാണോയെന്നും നികുതി വർദ്ധവ് വരുത്തേണ്ടതുണ്ടോയെന്ന് തിരഞ്ഞെടുക്കുന്നതിനും സഞ്ചയ സോഫ്റ്റ്‌വെയറിൽ സൗകര്യം ഇല്ലാത്തതിനാലാണ് ഇപ്രകാരം 15% വർദ്ധനവ് കൂടാതെ നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 റേഷൻ വ്യാപാരികൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1)എ(ii) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(14/10.08.2023) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 വാടക കുടിശ്ശിക നിലനിൽക്കുന്നു

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തിന്റെ 2022-23 വർഷത്തെ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ലെന്നു കാണുന്നു. രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ/സ്ഥാപനം | പ്രതിമാസ വാടക | അടവാക്കാനുള്ള മാസങ്ങൾ | തുക |
|---|---|---|---|---|
| 1 | ചപ്പാത്ത് ജലനിധി സെക്രട്ടറി/പ്രസിഡന്റ് | 244/- | 4/22 – 3/23 | 2928/- |

വാടക കുടിശ്ശിക നിലനിൽക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/10.08.2023) നിരവധി തവണ കത്ത് നൽകിയിട്ടും കുടിശ്ശിക തുക അടവാക്കിയിട്ടില്ലെന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16-1 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. 1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 132 പ്രകാരം പാലും പാലുൽപ്പന്നങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.
2. വസ്തു നികുതി നിർണ്ണയത്തിനായുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ- വ്യവസായ, ഓഫീസ് ആവശ്യങ്ങൾക്കായി 919 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 172 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു,

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/10.08.2023) ക്രമ നം.1 ൽ പരാമർശിക്കുന്ന സ്ഥാപനങ്ങൾക്കും ക്രമ നം. 2ൽ പരാമർശിക്കുന്നവയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ആയവക്കും ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16-2 റിസോർട്ട് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ ആയി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടം 1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് നം, കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വസ്തു നികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|
| 1 | VI/ 484 E, F, G, H | ബിജു തോമസ് | 2021-22 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/10.08.2023) ടിയാന് എം എസ് എം ഇ

ലൈസൻസ് ഉണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, IFTE & OS ലൈസൻസ് ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഏത് സംരംഭക പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് നൽകുന്ന ലൈസൻസ് ആവശ്യമുണ്ട്. കൂടാതെ റിസോർട്ടുകൾ ആയി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടം വ്യവസായ യൂണിറ്റ് ആയിട്ടാണ് പ്രവർത്തിക്കുന്നത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

**1-17 പാരാമെഡിക്കൽ സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം സാലി ക്ലിനിക്, ഏന്തയാർ എന്ന സ്ഥാപനം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/10.08.2023) ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ലൈസൻസ് നൽകി വിവരം അറിയിക്കേണ്ടതാണ്.

**1-18 അഗ്നി സുരക്ഷാവകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാതെ High Rise കെട്ടിടത്തിന് നിർമ്മാണാനുമതി നല്കി**

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം കോലാഹലമേട് എന്ന സ്ഥലത്ത് 5 നിലകളുള്ള പാർപ്പിട സമുച്ചയം പണിയുന്നതിന് മുഹമ്മദ് ഷഫീക് എന്നയാൾക്ക് CL1-BA(341439)/2022 തീ 1/11/22 നമ്പരായി കെട്ടിട നിർമ്മാണ അനുമതി നല്കിയിട്ടുണ്ട്. വളരെയേറെ ടൂറിസം സാദ്ധ്യതകളുള്ള മേഖലയിൽ A2 ഗണത്തിൽ വരുന്ന റിസോർട്ടുകൾ പെർമിറ്റ് എടുത്ത് നിർമ്മിക്കുന്നുണ്ട്. എന്നാൽ മേൽപറഞ്ഞ കെട്ടിടത്തിന് പെർമിറ്റ് എടുത്തിട്ടുള്ളത് A1 ഗണത്തിൽ വരുന്നതും FSI ,1.5 വരുന്നതുമായ കെട്ടിടമായാണ്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) ചട്ടം 21 പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കേറ്റ് നല്കി 2 വർഷത്തിന് ഉള്ളിൽ പഞ്ചായത്തിൽ നിന്നും പരിശോധന നടത്തേണ്ടതും പെർമിറ്റ് എടുത്ത പ്രകാരമുള്ള ഗണത്തിലാണ് കെട്ടിടം ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.അല്ലാത്ത പക്ഷം FSI ഉൾപ്പെടെ പുനപരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) ചട്ടം 5(4) Table Sl No 12 പ്രകാരം 1000 ചതുരശ്രമീറ്ററിന് മുകളിൽ വരുന്ന കെട്ടിടങ്ങൾക്ക് ഫയർ& റസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്.എന്നാൽ മേൽ പറഞ്ഞ കെട്ടിടത്തിന് പെർമിറ്റ് നല്കുന്നതിന് മുൻപ് ഫയർ& റസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പാരിസ്ഥിതിക ദുർബല മേഖലയായ പഞ്ചായത്തിൽ അടിയന്തിര പ്രാധാന്യമുള്ള രേഖകൾ പോലും ഹാജരാക്കാതെ High Rise കെട്ടിടത്തിന് നിർമ്മാണ അനുമതി നല്കിയനടപടി പരിശോധിക്കപ്പെടേണ്ടതാണ്.

**1-19 അധിക വിഭവസമാഹരണം**

**ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള

പ്രചാരണ മാർഗ്ഗങ്ങൾ അവലംബിച്ചത് ശ്ലാഘനീയമാണ്. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ചും അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.

4. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 02.05.2023 ലെ VI/1 നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്.

5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല.

2. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 02.05.2023 ലെ VI/1 നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്.

3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ.

5. സഞ്ചയയിലെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്നുണ്ട്.

6. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.

3. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.

4. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നുണ്ട്.

നികുതിയേതര വരവുകൾ

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 195 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 919 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 172 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

## 1-20 പ്രളയദുരന്തനിവാരണത്തിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ തുക വകയിരുത്തിയിട്ടും നടപ്പാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ വിഭാവനം ചെയ്ത പ്രളയദുരന്ത നിവാരണ/മുന്നൊരുക്ക പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയില്ല.

| പ്രോജക്റ്റ് നം | പേര് | വകയിരുത്തിയ തുക |
|---|---|---|

| | | |
|---|---|---|
| 66/23 | ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി തുക വകയിരുത്തൽ | 4,64,264/- |
| 161/23 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തൽ | 60,418/- |
| 166/23 | ദുരന്ത നിവാരണം ഷെൽട്ടർ ഹൗസിന് സ്ഥലം വാങ്ങൽ | 7,00,000/- |
| ആകെ | | 1,224,682/- |

ഷെൽട്ടർ ഹൗസിന് സ്ഥലം വാങ്ങൽ പോലെ അടിയന്തര പ്രാധാന്യം നൽകി നടപ്പാക്കേണ്ട പ്രളയദുരന്ത നിവാരണ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം4/07.08.2023) മറുപടി ലഭ്യമാക്കിയില്ല. മുൻകാലങ്ങളിൽ പ്രളയം മൂലം ഏറ്റവും കൂടുതൽ ദുരന്തം നേരിട്ട ഈ പ്രദേശത്തെ ജനവിഭാഗങ്ങൾക്ക് വേണ്ടി ആവിഷ്കരിച്ച മേൽ പ്രോജക്ടുകൾ പ്രകാരം വകയിരുത്തിയ 12.24 ലക്ഷം രൂപ പാഴാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് സ്വകാര്യ കൺസൽട്ടൻസിക്ക് അധികതുക നല്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം 213/2023 പ്രകാരം ഇളംകാട് ബ്ലാക്കരപാലത്തിന് മണ്ണ് പരിശോധനക്കും സ്ട്രക്ചറൽ ഇൻവെസ്റ്റിഗേഷനുമായി 3ലക്ഷം രൂപ (ചെക്ക് നം 15243/16.07.2022) ചെലവഴിച്ചിട്ടുണ്ട്. പ്രകൃതിദുരന്തം നേരിട്ട പഞ്ചായത്ത് എന്ന നിലയിൽ വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച സംഭാവന തുകയിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പാലത്തിനുള്ള നിർമ്മാണ ചെലവ് സ്ഥലം എം എൽ എ യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്ന് വകയിരുത്തുകയും നിർമ്മാണ ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുകയും ചെയ്തു. മണ്ണ് പരിശോധനക്കും സ്ട്രക്ചറൽ ഇൻവെസ്റ്റിഗേഷനുമായി ഗ്രാമപഞ്ചായത്ത് 3 ലക്ഷം രൂപ വകയിരുത്തി ടെണ്ടർ നടപടികളിലൂടെ അനിത വി എസ്, സേഫ് മെട്രിക്സ് ആർക്കിടെക്ചറൽ &എഞ്ചിനീയറിംഗ് കൺസൾട്ടൻസി എന്ന ഏജൻസിക്ക് നല്കുകയും ചെയ്തു. 7-1-2023 ൽ സ്ട്രക്ചറൽ ഡിസൈൻ, നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയുടെ അടങ്കൽ 5138488/- രൂപയാണ്. സ ഉ (സാധാ) നം 2049/2014 ത സ്വ ഭവ തീ 07/08/2014 പ്രകാരം പഞ്ചായത്തുകളിൽ സ്വകാര്യ ആർക്കിടെക്ടുമാരുടെ സേവനം പ്രയോജനപ്പെടുത്തി രൂപ കല്പനയും പ്ലാനും തയ്യാറാക്കുന്നതിന് നല്കാവുന്നത് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5% ന്റെ 2/3 ഭാഗമായ 2.33% ൽ പരിമിതപ്പെടുത്തിയാണ്. ആയത് പ്രകാരം 5138488/- രൂപ എസ്റ്റിമേറ്റുള്ള പ്രോജക്ടിന് 2.33% ആയ 119727/-രൂപയാണ് കൺസൽട്ടൻസി ചാർജായി അനുവദിക്കാൻ കഴിയുക. എസ്റ്റിമേറ്റിന്റെ 2.33% ബേസ് നിരക്കായി നിശ്ചയിച്ച് ടെണ്ടർ ക്ഷണിക്കുന്നതിന് പകരം അടങ്കൽ തുക ബേസ് നിരക്കായി നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചതാണ് അപാകതക്ക് കാരണം. നിർവ്വഹണത്തിലെ അപാകതമൂലം പഞ്ചായത്തിന് 180273/- രൂപ (300000-119727) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 7/10-08-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ജില്ലാപഞ്ചായത്തിൽ നിന്നും 135000/- രൂപക്ക് ടെണ്ടർ ചെയ്തിട്ടും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ കൂട്ടിക്കൽ പഞ്ചായത്തിനോട് പ്രോജക്ട് വയ്ക്കാൻ നിർദ്ദേശിച്ചതായി അറിയിച്ചു. കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ അധിക തുക ചെലവഴിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 180273/- രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 കരാറുകാർക്ക് ജി എസ് ടി അധിക നിരക്കിൽ നല്കി

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി എസ് റ്റി 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് ജി എസ് റ്റി 18% ബാധകമായിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പം 18% ജി എസ് റ്റി അധികമായി നല്കുന്നുണ്ട്. എന്നാൽ 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ കരാറുകാരൻ ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾ കരാറുകാരന്റേതായ കാരണങ്ങളാൽ 18-7-2022 ന്ശേഷം പൂർത്തിയാക്കുകയും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി അധികമായി വകയിരുത്തി നല്കുകയും ചെയ്തു. കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിരുന്നു എങ്കിൽ പഞ്ചായത്തിന് 12% നികുതി ബാധ്യത മാത്രമേ ഉണ്ടാകുകയുള്ളൂ എന്നതിനാൽ അധികമായി വന്ന 6% നികുതി ബാധ്യത കരാറുകാരൻ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതായിരുന്നു (എസ്റ്റിമേറ്റിലും 12% നികുതി മാത്രമേ വകയിരുത്തിയിട്ടുള്ളൂ). മേൽ അപാകതമൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

**1.ഇളംകാട് 39 ഭാഗം കുടിവെള്ള പദ്ധതി മെയിന്റനൻസ്**

| | |
|---|---|
| പ്രോജക്ട് നമ്പർ | 60/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ /ചെലവ് | 354900/354900 (ബിൽ നം തീയതി 188/04-02-2023) |
| ഫണ്ടിനം | ധന.കമ്മീ. ഗ്രാന്റ് |
| കരാറുകാരൻ | സുരേഷ് ബാബു റ്റി പി |
| കരാർ തീയതി/സൈറ്റ് ഏറ്റെടുത്ത തീയതി | 18-3-2022 |
| പൂർത്തീകരണ കാലാവധി (സാങ്കേതിക അനുമതി പ്രകാരം) | 3 മാസം 17-6-2022 |
| പൂർത്തിയാക്കിയ തീയതി | 24-12-2022 |

മേൽ പ്രവത്തിയുടെ അധികച്ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫൈനൽ ബിൽ പ്രകാരം വേലമൂല്യം | 313295 | 313295 |
| ജി എസ് റ്റി | 56393 (18%) | 37595 (12%) |
| ആകെ ചെലവഴിക്കാവുന്നത് | 369688 | 350890 |

ഫണ്ട് വകയിരുത്തിയിരുന്നത് 354900/- രൂപയായിരുന്നതിനാൽ ഈ തുകയിൽ ലിമിറ്റ് ചെയ്താണ് കരാറുകാരൻ നല്കിയത്. യഥാർത്ഥത്തിൽ അർഹതപ്പെട്ട തുമായ 350890/- രൂപയാണെന്നിരിക്കെ 4010/- രൂപ(354900-350890) കരാറുകാരന് അധികം നല്കിയതായി കാണുന്നു.

**2. ടേക്ക് എ ബ്രേക്ക്- ടോയ്‌ലറ്റ് സമുച്ചയം അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 53/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ /ചെലവ് | 475000/451531 ഫൈനൽ ബിൽ 97621 (ബിൽ നം തീയതി 60/24-09-2022) |
| ഫണ്ടിനം | ധന.കമ്മീ. ഗ്രാന്റ് |
| കരാറുകാരൻ | സുരേഷ് ബാബു റ്റി പി |

| | |
|---|---|
| കരാർ തീയതി/സൈറ്റ് ഏറ്റെടുത്ത തീയതി | 19-1-2022 |
| പൂർത്തീകരണ കാലാവധി (സാങ്കേതിക അനുമതി പ്രകാരം) | 5മാസം<br>18-6-2022 |
| പൂർത്തിയാക്കിയ തീയതി | 17-09-2022 |

മേൽ പ്രവൃത്തിയുടെ അധികച്ചെലവ് വിവരം ചുവടെ ചേർക്കുന്നു.ആദ്യ പാർട്ട് ബിൽ പ്രകാരം 12% ജി എസ് റ്റി ഉൾപ്പെടെ 353910/- രൂപ കരാറുകാരന് നല്കി.

| | | |
|---|---|---|
| ഫൈനൽ ബിൽ പ്രകാരം വേലമൂല്യം | 82730 | 82730 |
| ജി എസ് റ്റി | 14891 (18%) | 9928 (12%) |
| ആകെ ചെലവഴിക്കാവുന്നത് | 97621 | 92658 |

ഫൈനൽ ബിൽ പ്രകാരം യഥാർത്ഥത്തിൽ അർഹതപ്പെട്ട തുക 92658/- രൂപയാണെന്നിരിക്കെ 4963/- രൂപ (97621-92658) കരാറുകാരന് അധികം നല്കിയതായി കാണുന്നു. അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 16/12-8-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഗതാഗത സൗകര്യം ഇല്ലാതിരുന്നതിനാലാണ് പ്രവൃത്തികൾ നീണ്ടുപോയതെന്ന് മറുപടി നല്കി. എന്നാൽ ഈ രണ്ട് പ്രോജക്ടുകളിലും കരാറുകാരൻ നിയമാനുസൃതം കാലാവധി ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ആയത് അംഗീകരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വക്കുകയോ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ 2 പ്രവൃത്തികളിലായി 8973/- രൂപ അധികച്ചെലവ് ഉണ്ടായത് ഭരണ സമിതി പരിശോധിക്കേണ്ടതും സമാനരീതിയിലുള്ള അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതുവരെ 8973/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകം-ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കെട്ടിടമെയിന്റനൻസ് പ്രോജക്ടുകളുടെ എസ്റ്റിമേറ്റും DSR 2018 ഡേറ്റാ അനാലിസിസും പരിശോധിച്ചതിൽ ഇനം 21-6 പ്രകാരമുള്ള ലവൽ അഡ്ജസ്റ്റിംഗ് ഹാംഗറുകൾ ഉപയോഗിക്കുന്നത് കോൺക്രീറ്റ് റൂഫ് സ്ലാബുകളിൽ ആണെന്ന് കാണുന്നു. ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് സ്ഥാപിക്കുന്നതിനും ഫാൾസ് സീലിംഗിന്റെ അലുമിനിയം ഫ്രയിം വർക്ക് ഉറപ്പിക്കുന്നതിനുമാണ് 21-6 പ്രകാരമുള്ള ലവൽ അഡ്ജസ്റ്റിംഗ് ഹാംഗറുകൾ ഉപയോഗിക്കുന്നത്. ഡേറ്റാ അനാലിസിസ് പ്രകാരം റേറ്റിലെ മുഖ്യ ഇനം കോൺക്രീറ്റ് റൂഫ് സ്ളാബുകളിൽ ഹാംഗറുകൾ ഉറപ്പിക്കുന്നതിനുള്ള Dash Hold Fastener 12.5 Mm Dia, 50 Mm Long With 6 Mm Dia Bolt ആണ്. ഇതിൽ നിന്നും ഓട് , ഷീറ്റ് ഉപയോഗിച്ചുള്ള മേല്ക്കൂരകളിൽ പി വി സി ഫാൾസ് സീലിംഗ് ചെയ്യുമ്പോൾ പ്രസ്തുത ഇനം ഉൾപ്പെടുത്തേണ്ടതില്ല എന്ന് വ്യക്തമാണ്. എന്നാൽ 2022-23 വർഷം കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ ചെയ്ത താഴെ പറയുന്ന ഓട് , ഷീറ്റ് ഉപയോഗിച്ചുള്ള മേല്ക്കൂരയുള്ള സ്കൂൾ മെയിന്റനൻസ് പ്രവൃത്തികൾ DSR 2018 ഇനം 21-6 പ്രകാരമുള്ള ലവൽ അഡ്ജസ്റ്റിംഗ് ഹാംഗറുകൾ ഉൾപ്പെടുത്തി അധികച്ചെലവ് വരുത്തിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് വിശദാംശങ്ങൾ | ഉപയോഗിച്ച ഹാംഗറുകൾ@82.85/നമ്പർ | പഞ്ചായത്തിനുണ്ടായ അധിക ചെലവ് |
|---|---|---|---|
| 1 | GVLPS പ്ലാപ്പള്ളി അടിസ്ഥാന സൗകര്യ വികസനം(132/23), കരാറുകാരൻ, ജോസഫ് ഫ്രാൻസിസ്, ചെലവ് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 131889/-രൂപ (ബിൽ നം തീ12/31-1-23) | 237 | 19635.45 - (12.011% ടെണ്ടർ കുറവ്)+18% ജി എസ് റ്റി= 20387.90 |

| | | | |
|---|---|---|---|
| 2 | GVLPS പ്ലാപ്പള്ളി അടിസ്ഥാന സൗകര്യ വികസനം (58/23), കരാറുകാരൻ, ജോസഫ് ഫ്രാൻസിസ്, ചെലവ് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 599728/-രൂപ(ബിൽ നം തീ.02/4-6-22).വകയിരുത്തിയത്6ലക്ഷം | 240 | 19884 + 12% ജി എസ് റ്റി 2386= 22270/- |
| 3 | വെട്ടിക്കാട് അങ്കണവാടി മെയിന്റനൻസ്(133/23), കരാറുകാരൻ, ഹാഫിസ് മുഹമ്മദ്, ചെലവ് മെയിന്റനൻസ് ഗ്രാന്റ് , (റോഡിതരം) 127447/-രൂപ(ബിൽ നം തീ 25/7-3-23) | 63 | 5219.55 +18% ജി എസ് റ്റി 939.50 = 6159.05/- |
| | ആകെ | | 48817/-രൂപ |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/12-8-23) ഡി എസ് ആർ 2018 ൽ കേരളത്തിൽ ഉപയോഗിക്കുന്ന തരത്തിലുള്ള ഹാങ്കർ ഇല്ലാത്തതിനാൽ ആണ് ഈ ഇനം ഉൾപ്പെടുത്തിയതെന്ന് മറുപടി നല്കി. ഇതിൽ നിന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനമല്ല ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞതുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഉപയോഗിച്ച സാധനത്തിന്റെ വില കണക്കാക്കി കരാറുകാരന് നല്കേണ്ടതുമാണ്. ആയതു വരെ മേൽ പറഞ്ഞ 3 പ്രോജക്ടുകളിൽ നിന്നുള്ള 48817/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 ഉരുളമൊട്ട ജലനിധി കുടിവെള്ള പദ്ധതി മെയിന്റനൻസ് (വാർഡ് നം 1) പഴയ മോട്ടോർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല**

പ്രോജക്ട് നമ്പർ 259/23

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

കരാറുകാരൻ- ദിലീപ് കെ.ആർ

ഫണ്ട് വികസനഫണ്ട്

ബിൽനം 69/തീയതി 29.03.23 തുക 196800/-

പഞ്ചായത്തിലെ വാർഡ് നം 1ലെ ഉരുളമൊട്ട ജലനിധി കുടിവെള്ള പദ്ധതി മെയിന്റനൻസിന്റെ ഭാഗമായി മോട്ടോർ മാറ്റിവെക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ 15 എച്ച്പി ശേഷിയുള്ള മോട്ടോർ മാറ്റിവെച്ചിട്ടുണ്ട് എന്നാൽ പഴയതും മാറ്റിവച്ചതുമായ മോട്ടോർ പഞ്ചായത്തിൽ സറണ്ടർ ചെയ്ത് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം1/07.08.2023) മറുപടിയായി മോട്ടോർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നടപടി പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- പ്രവൃത്തി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല**

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിരുന്നു. എന്നാൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിശദാംശങ്ങൾ, വിനിയോഗ വിവരങ്ങൾ എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | സ്ഥാപനം | അക്കൗണ്ട് നം | മുൻകൂർ | ബിൽ/ നം /തുക |
|---|---|---|---|---|

| നമ്പർ/ പ്രവൃത്തിയുടെ പേര് | | | നൽകിയ തുക | തീയതി |
|---|---|---|---|---|
| 220/23 സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാഅക്കൗണ്ട് നം 67226247413 | 8,25,000/- | വികസന ഫണ്ട് 53/28.2.23 |
| 190/23പി.എസ് ജംഗ്ഷൻ കുടിവെള്ള പദ്ധതിക്ക് 3 ഫേസ് ലൈൻ വലിക്കൽ | " | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പൊൻകുന്നം അക്കൗണ്ട് നം 57049853994 | 50622/- | വികസന ഫണ്ട് 32/15.11.22 |
| 02/23 സ്ട്രീറ്റ് മെയിൻ വലിക്കൽ | " | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പൊൻകുന്നം അക്കൗണ്ട് നം 57049853994 | 10,96,928/- | ധനകാര്യകമ്മീഷൻ ഗ്രാൻറ് 29/22-23 തീയതി 7.3.23 |
| 03/23 12ാം വാർഡിൽ ചേരിക്കൽ കോളനിയിൽ കുഴൽകിണർ നിർമ്മാണം | ഭൂ ജല വകുപ്പ് | ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്അക്കൗണ്ട് നം 361201010035508 | 3,00,000/- | ധനകാര്യകമ്മീഷൻ ഗ്രാൻറ് 47/22-23 തീയതി 17.11.22 |
| ആകെ | | | 2272550 | |

പ്രവൃത്തിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 02/07.08.2023 ന് മറുപടിയായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് അറിയിക്കുന്ന നിർവ്വഹണ ഏജൻസികളുടെ മറുപടി സെക്രട്ടറി ലഭ്യമാക്കി. നിർമ്മാണ/പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം തീർപ്പാക്കുന്നതുവരെ 2272550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 സ്പെഷ്യൽ കെയർ യൂണിറ്റിന് ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങിനൽകിയത് – പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S 159/23 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി ഉപകരണങ്ങൾ-സ്പെഷ്യൽ കെയർ യൂണിറ്റ് |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ധനസ്രോതസ് | വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | 90641/- |
| ബിൽ നമ്പർ/ തീയതി | 22/28.3.2023 |

സമഗ്രശിക്ഷാകേരളം പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള

കുട്ടികൾക്ക് അക്കാദമിക പിന്തുണ കൂടാതെ അധികപിന്തുണ നൽകുന്നതിനുവേണ്ടി സംസ്ഥാന പ്രോജക്ട് ഡയറക്ടർ പുറപ്പെടുവിച്ച പി4/2062/2021/ എസ്.എസ്.കെ/3.12.2021 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തുകളിലെ തെരെഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ കെയർ സെന്ററുകളുടെ പ്രവർത്തനക്രമങ്ങളും ലക്ഷ്യങ്ങളും നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ വെട്ടിക്കാനം കെ.സി.എം.എൽ.പി സ്കൂളിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ കെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രസ്തുത പ്രോജക്ട് പ്രകാരം ആർട്ട്കോ ലിമിറ്റഡ്, ആലപ്പുഴ (ഇൻവോയ്സ് നമ്പർ: ALP 785/22.3.2023) എന്ന സ്ഥാപനത്തിൽനിന്ന് താഴെപ്പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| | |
|---|---|
| സീലിംഗ് ഫാൻ | 1 |
| ഡെസ്ക് | 4 |
| ബെഞ്ച് | 4 |
| സ്റ്റീൽ ടേബിൾ | 2 |
| സ്റ്റീൽ കാബിനറ്റ് | 2 |
| ക്ലോക്ക് | 1 |
| വാട്ടർ പ്യൂരിഫയർ | 1 |

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രത്യേക പിന്തുണ ആവശ്യമുള്ളതും പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നതുമായ മുഴുവൻ ഭിന്നശേഷി കുട്ടികൾക്കും സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുകയും സാധ്യമായ തെറാപ്പി സൗകര്യങ്ങൾ ഒരുക്കുകയും അനുയോജ്യമായ തരത്തിലുള്ള പഠനോപകരണങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുകയും ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളുടെ രക്ഷിതാക്കളെ കുട്ടികളുടെ അക്കാദമികവും നൈപുണി വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടുന്നതിനായി ശാക്തീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഡയറക്ടർ നിർദ്ദേശിച്ചതെങ്കിലും പഞ്ചായത്തിൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തതെന്നു കാണുന്നു. ആയതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 20/11.08.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സ്പെഷ്യൽ കെയർ സെന്ററിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയാണ് ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ഭിന്നശേഷി വിദ്യാർത്ഥികളെ അനുഗമിക്കുന്ന രക്ഷിതാക്കളുടെ സൗകര്യത്തിന് വേണ്ടിയാണ് ബെഞ്ചുകളും ഡെസ്കുകളും വാങ്ങിയതെന്ന് ഓഡിറ്റ് സമാപന യോഗത്തിൽ വൈസ് പ്രസിഡന്റ് അറിയിച്ചു. ഭിന്നശേഷി കുട്ടികൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചത്- തുടർനടപടികൾ സ്വീകരിക്കുന്നില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് | 86608/- |
| ബിൽ നമ്പർ, തീയതി | തുക |
| 16/17.12.22 | 10000 |
| 28/25.2.23 | 10000 |
| 41/31.3.23 | 66608 |
| ധനസ്രോതസ് | വികസനഫണ്ട് (പൊതുവിഭാഗം) |

ഗ്രാമപഞ്ചായത്തിൽ അജൈവ പാഴ്വസ്തുക്കളുടെ ശേഖരണം നടത്തുന്നതിനുവേണ്ടി രൂപീകരിച്ച ഹരിതകർമ്മസേനയ്ക്ക് തൻവർഷം 86608/-രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിലവിൽ സ്ഥിരമായ എം.സി.എഫ് സംവിധാനം ഇല്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കെ.ആർ.നാരായണൻ ഹാളിനോടു ചേർന്നുള്ള കെട്ടിടം താൽക്കാലിക എം.സി.എഫ് ആയി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. എം.സി.എഫുകളുടെ പ്രവർത്തനങ്ങൾക്കായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല. ക്ലീൻ കേരള കമ്പനിയുമായി അജൈവ പാഴ്വസ്തുക്കളുടെ ശേഖരണം, സംസ്കരണം എന്നിവ നടപ്പാക്കുന്നതു സംബന്ധിച്ച 10.2.2021ൽ ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടുവെങ്കിലും സർക്കാർ മാർഗനിർദ്ദേശങ്ങളിൽ കാലാവധിയെപ്പറ്റി സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ടി കരാർ പ്രകാരം പുനചംക്രമണ യോഗ്യമായ അജൈവ പാഴ്വസ്തുക്കൾക്ക് നൽകാൻ കഴിയുന്ന വില ക്ലീൻ കേരള കമ്പനി അറിയിക്കേണ്ടതാണെങ്കിലും അപ്രകാരം അറിയിക്കുന്നില്ല. കൈമാറിയ അജൈവ പാഴ്വസ്തുക്കൾക്ക് ഒരു തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് കമ്പനി ചെയ്യുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ, പഴയ ചെരുപ്പ്, ബാഗ്, തെർമോകോൾ, കണ്ണാടി, കുപ്പിച്ചില്ലുകൾ, ഇ-വേസ്റ്റ്, മരുന്നുസ്ട്രിപ്പുകൾ, ചിരട്ട, തൊണ്ട്, തുണി മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കരാറിൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തദനുസൃതമായി മാലിന്യങ്ങൾ ശേഖരിക്കുന്നില്ല.

ഹരിതകർമ്മസേന പിരിച്ചെടുക്കുന്ന തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മാത്രമല്ല, ഗ്രാമപഞ്ചായത്തിൽനിന്ന് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചത് ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ അംഗീകൃത വരവ് ചെലവ് പത്രികയുടെ അടിസ്ഥാനത്തിലല്ല. ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾമൂലം ഹരിതകർമ്മസേനയിലെ അംഗങ്ങൾക്ക് തുല്യവേതനം ഉറപ്പുവരുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 19/11.8.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പുതിയ എം.സി.എഫ് കെട്ടിടം സാമ്പത്തിക വർഷത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ടി കെട്ടിടം പൂർത്തിയാക്കുന്നമുറയ്ക്ക് മലിനീകരണ നിയന്ത്രണബോർഡിന്റെ അംഗീകാരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, പ്ലാസ്റ്റിക് മാലിന്യങ്ങൾക്കു പുറമെ തുണി മാലിന്യങ്ങളും ചെരുപ്പ്, ബാഗ് എന്നിവയും ശേഖരിക്കുന്നുണ്ടെന്നും എം.സി.എഫിന്റെ പരിമിതി മൂലമാണ് മറ്റുമാലിന്യങ്ങൾ നിലവിൽ ശേഖരിക്കാൻ കഴിയാത്തതെന്നും പുതിയ എം.സി.എഫിന്റെ നിർമ്മാണത്തോടെ ഈ വിഷയം പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് മാലിന്യശേഖരണത്തിന് നിലവിൽ വാഹനമില്ലാത്തതിനാൽ ആയത് സംബന്ധിച്ച ചെലവും മറ്റ് ആവർത്തനചെലവുകളും കൺസോർഷ്യത്തിന്റെ യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ അംഗീകാരം നേടുകയും ചെയ്തതിനു ശേഷമാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയതെന്ന് ഓഡിറ്റിൽ ഹാജരാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ അംഗങ്ങൾക്കും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് വരുമാനം കറവുള്ള അംഗങ്ങളെ ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നതായും ഹരിതമിത്രം ആപ്പ് വരുന്നതോടെ കളക്ഷൻ റിപ്പോർട്ട് ഓൺലൈൻ ആയി ലഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമായും സുതാര്യമായും നടപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-28 കാലിത്തീറ്റവിതരണം-കൈകാര്യചെലവായി തിരികെ ലഭിക്കുന്ന തുക അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

2022-23 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും 1270 ബാഗ് എലൈറ്റ് കാലിത്തീറ്റ വാങ്ങി ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം / പേര് | ബാഗ് എണ്ണം | ചെലവ് (1495/ബാഗ്) |
|---|---|---|

| | | |
|---|---|---|
| 141/23 കാലിത്തീറ്റ വിതരണം( SCP ) | 60 | വികസനഫണ്ട് SCP-67200/- ഗുണ.വിഹിതം 22500/- ആകെ-------------- 89700/- |
| 141/23 കാലിത്തീറ്റ വിതരണം (ജനറൽ ) | 1210 | വികസനഫണ്ട് 1355200/- ഗുണ.വിഹിതം 453750/ ആകെ---------1808950/- |
| ആകെ | 1270 | |

കേരള ഫീഡ്സ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജരുടെ 15-11-2022 ലെ KFL/TDPA/090/21/389/22 നമ്പർ കത്ത് നിബന്ധനകൾ ക്രമ നം. 8(1) പ്രകാരം പദ്ധതി പൂർത്തീകരിച്ചിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയിൻമേൽ ചാക്ക് 1 ന് 30 രൂപ പ്രകാരം കൈകാര്യ ചെലവ് തിരികെ നല്കുന്നതാണ്. ഓഡിറ്റ് വർഷം ഈ ഇനത്തിൽ ലഭിക്കാനുള്ള 38100/- രൂപ(1270*30) പഞ്ചായത്ത് പരിധിയിലുള്ള 4 ക്ഷീരസംഘങ്ങൾക്കായി നല്കുന്നതിന് ആവശ്യപ്പെട്ട് 4-8-2022 ൽ DESU-KTMOKJY/134/DEO നമ്പരായി കേരള ഫീഡ്സ് ലിമിറ്റഡിന് നിർവ്വഹണഉദ്യോഗസ്ഥൻ കത്ത് നല്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് വാങ്ങിയ സാധനത്തിന് ലഭിക്കുന്ന കിഴിവ് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് ചേർക്കാതെയും യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കാതെയും ക്ഷീരസംഘങ്ങൾക്ക് വിതരണം ചെയ്യാൻ നിർദ്ദേശിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി കേരള ഫിനാൻഷ്യൽ കോഡ് വാല്യം1 ആർട്ടിക്കിൾ 8 ന് വിരുദ്ധമാണ്. അപാകതയിൽ വിശദീകരണം നല്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ 6/10-8-23 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ ലഭിക്കുന്ന തുക പഞ്ചാത്ത് ഫണ്ടിൽ ഒടുക്കേണ്ടതും യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കുന്ന മുറക്ക് വിതരണം ചെയ്യേണ്ടതുമാണ്.

## 1-29 അങ്കണവാടി നിർമ്മാണത്തിന് ദേശീയ ഗ്രാമീണതൊഴിലുറപ്പുമിഷന് തുക കൈമാറിയത് – ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താളുങ്കൽ വാർഡിലെ 104-ാം നമ്പർ അങ്കണവാടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 381340/-രൂപ തൊഴിലുറപ്പുമിഷൻ ഡയറക്ടർക്ക് 10.1.2018ൽ കൈമാറിയിരുന്നു. ഗ്രാമപഞ്ചായത്തിനെ കൂടാതെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, ഐ.സി.ഡി.എസ് എന്നീ സ്ഥാപനങ്ങളും മേൽ പ്രവൃത്തിയ്ക്കായി തുക നിക്ഷേപിക്കുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഡയറക്ടറുടെ 15.6.2021ലെ 2507/A/17/REGSനടപടിക്രമങ്ങൾ പ്രകാരം ടി തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ഉത്തരവായെങ്കിലും ആയത് ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മിഷനിൽ ഒടുക്കിയ തുക | ചെലവഴിച്ച തുക | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| എൻ.ആർ.ഇ.ജി.എ | 500000 | 508769 | (-) 8769 |
| കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | 381340 | 207765 | 173575 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 100000 | 0 | 100000 |

| | | | |
|---|---|---|---|
| ഐ.സി.ഡി.എസ് | 200000 | 0 | 200000 |
| ആകെ | 1181340 | 716534 | 464806 |

എൻ.ആർ.ഇ.ജി.എ വിഭാഗം അധികമായി ചെലവഴിച്ച 8769/-രൂപ കുറവുചെയ്ത് ബാക്കി 464806/-രൂപ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതായി മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

2023-24 വർഷം ഗ്രാമീണതൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉദ്ദേശിച്ചിട്ടുള്ള ഉരുളമൊട്ട അങ്കണവാടി (97) നിർമ്മാണത്തിന് ടി തുക വിനിയോഗിക്കുന്നതിന് മിഷൻ ഡയറക്ടറോട് അഭ്യർത്ഥിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് (1(2)/22.5.2023). ഗ്രാമപഞ്ചായത്ത് വിഹിതത്തോടൊപ്പം തിരികെ ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത്/ ഐ.സി.ഡി.എസ് വിഹിതങ്ങളും പുതിയ അങ്കണവാടിനിർമ്മാണത്തിന് വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് അനുമതി നേടുന്നതിനും ഗ്രാമപഞ്ചായത്തിൽ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടസൗകര്യം ഉറപ്പുവരുത്തുന്നതിനും ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-30 ജലനിധി- ബാങ്ക് അക്കൗണ്ടിൽ 3017594/-രൂപ അവശേഷിക്കുന്നു.**

ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ളപദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി പ്രാദേശികപ്രോജക്ട് മിഷൻ യൂണിറ്റിൽ നിന്ന് ലഭിച്ചതും എന്നാൽ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയതിനുശേഷം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകളും ആയതിന്റെ പലിശയും ഉൾപ്പെടെ ആകെ 3017594/-രൂപ 31.3.2023ൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. 2021 ഒക്ടോബർ മാസത്തിലെ പ്രളയത്തിന് പ്രസ്തുത കുടിവെള്ളപദ്ധതികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്ക് പരിഹാരമായി പ്രാദേശികപ്രോജക്ട് മിഷൻ യൂണിറ്റിൽ നിന്ന് ലഭിച്ച തുകകളും ഗുണഭോക്തൃസമിതികൾക്ക് സമയബന്ധിതമായി കൈമാറിയിട്ടുമുണ്ട്. നിലവിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിൽനിന്ന് നിർദ്ദേശം തേടേണ്ടതും തദനുസൃതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-31 കുട്ടിക്കൽ എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ മരുന്നുകൾ ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 25/23, എൻ എച്ച് എം ആയുഷ് പിഎച്ച്സി (ഹോമിയോ) ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 2,00,000/- (MG -NR) |
| ചെലവ് | 2,00,000/- (MG -NR) |
| ബിൽ നം., തീയതി | 19/22-23/27.09.22 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി തുക മാനേജിങ് ഡയറക്ടർ HOMCO ആലപ്പുഴ എന്ന സ്ഥാപനത്തിന് (അക്കൗണ്ട്നം34306403911ലേയ്ക്ക്) നൽകിയിട്ടുണ്ട്. എന്നാൽ ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല എന്ന് കാണുന്നു.സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇൻവോയ്സ് നം എൽ.എഫ് 127/29.05.23 പ്രകാരം1,55,787/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. 44213/- രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ 44213/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾ 2022-23വർഷം കരാറിൽ ഏർപ്പെട്ടുകയും ധനസഹായത്തിന്റെ ഏതാനും ഗഡുക്കൾ കൈപ്പറ്റുകയും ചെയ്യെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പൊതുവിഭാഗം**

| ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ ആകെ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| ശ്രീമതി.ശാന്തമ്മ വിശ്വൻ | 30.4.2022 | 300000 | ഭിത്തിനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.സുജാത സുധാകരൻ | 29.4.2022 | 360000 | മേൽക്കൂര പൂർത്തിയായി |
| ശ്രീമതി.ഓമന.വി.പി | 1.2.2023 | 140000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.ജോഷില ബാബു | 3.2.2023 | 199651 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.ബീവിക്കുട്ടി | 9.2.2023 | 360000 | മേൽക്കൂര പൂർത്തിയായി |
| ശ്രീമതി.രമ | 6.3.2023 | 300000 | മേൽക്കൂര പൂർത്തിയായി |

**പട്ടികജാതി വിഭാഗം**

| ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ ആകെ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| ശ്രീ.സുനദേവ്.പി.വി | 26.4.2022 | 300000 | ഭിത്തിനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.രഞ്ജു.വി.ടി | 29.9.2022 | 200000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.കനിമൊഴി | 31.10.2022 | 40000 | ഭവനനിർമ്മാണം ആരംഭിച്ചു |
| ശ്രീമതി.ഉഷ.എ.കെ | 28.12.2022 | 40000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീ.റജി.കെ.രാജൻ | 28.12.2022 | 40000 | ഭവനനിർമ്മാണം ആരംഭിച്ചു |
| ശ്രീമതി.സരസമ്മ വിജയൻ | 6.1.2023 | 140000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.കുട്ടിയമ്മ | 9.1.2023 | 140000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീ.ബൈജു.എൻ.കെ | 12.1.2023 | 300000 | ഭിത്തിനിർമ്മാണം പൂർത്തിയായി |

| | | | |
|---|---|---|---|
| ശ്രീമതി.ലിജ | 12.1.2023 | 40000 | ഭവനനിർമ്മാണം ആരംഭിച്ച |
| ശ്രീമതി.ഷിജി.വി.സ്വാമി | 15.2.2023 | 200000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.രമണി.ഇ.കെ | 15.2.2023 | 200000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.സുജ.ഇ.കെ | 17.2.2023 | 200000 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.അശ്വതി അനിൽകുമാർ | 17.2.2023 | 197805 | തറനിർമ്മാണം പൂർത്തിയായി |
| ശ്രീമതി.മിനി | 20.2.2023 | 300000 | മേൽക്കൂര പൂർത്തിയായി |
| ശ്രീമതി.സുമ.സി.ജെ | 20.2.2023 | 40000 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. |
| ശ്രീ.ആർ.മണി | 11.4.2022 | 360000 | മേൽക്കൂര പൂർത്തിയായി |

പട്ടികവർഗവിഭാഗം

| ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ ആകെ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| ശ്രീമതി.ജെസി കുര്യൻ | 15.2.2023 | 330000 | മേൽക്കൂര പൂർത്തിയായി |
| ശ്രീമതി.അന്നമ്മ ചെറിയാൻ | 5.1.2023 | 300000 | മേൽക്കൂര പൂർത്തിയായി |

ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് സ്വകാര്യ കൺസൽട്ടൻസിക്ക് അധികതുക നല്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം 213/2023 പ്രകാരം ഇളംകാട് മ്ലാക്കരപാലത്തിന് മണ്ണ് പരിശോധനക്കും സ്ട്രക്ചറൽ ഇൻവെസ്റ്റിഗേഷനുമായി 3ലക്ഷം രൂപ(ചെക്ക് നം 15243/16.07.2022) ചെലവഴിച്ചിട്ടുണ്ട്. പ്രകൃതിദുരന്തം നേരിട്ട പഞ്ചായത്ത് എന്ന നിലയിൽ വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച സംഭാവന തുകയിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പാലത്തിനുള്ള നിർമ്മാണ ചെലവ് സ്ഥലം എം എൽ എ യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്ന് വകയിരുത്തുകയും നിർമ്മാണ ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുകയും ചെയ്തു. മണ്ണ്

പരിശോധനക്കും സ്ട്രക്ചറൽ ഇൻവെസ്റ്റിഗേഷനുമായി ഗ്രാമപഞ്ചായത്ത് 3 ലക്ഷം രൂപ വകയിരുത്തി ടെണ്ടർ നടപടികളിലൂടെ അനിത വി എസ്, സേഫ് മെട്രിക്സ് ആർക്കിടെക്ചറൽ &എഞ്ചിനീയറിംഗ് കൺസൾട്ടൻസി എന്ന ഏജൻസിക്ക് നല്കുകയും ചെയ്തു. 7-1-2023 ൽ സ്ട്രക്ചറൽ ഡിസൈൻ, നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയുടെ അടങ്കൽ 5138488/- രൂപയാണ്. സ ഉ (സാധാ) നം 2049/2014 ത സ്വ ഭവ തീ 07/08/2014 പ്രകാരം പഞ്ചായത്തുകളിൽ സ്വകാര്യ ആർക്കിടെക്റ്റുമാരുടെ സേവനം പ്രയോജനപ്പെടുത്തി രൂപ കല്പനയും പ്ലാനും തയ്യാറാക്കുന്നതിന് നല്കാവുന്നത് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5% ന്റെ 2/3 ഭാഗമായ 2.33% ൽ പരിമിതപ്പെടുത്തിയാണ്. ആയത് പ്രകാരം 5138488/- രൂപ എസ്റ്റിമേറ്റുള്ള പ്രോജക്റ്റിന് 2.33% ആയ 119727/-രൂപയാണ് കൺസൽട്ടൻസി ചാർജായി അനുവദിക്കാൻ കഴിയുക. എസ്റ്റിമേറ്റിന്റെ 2.33% ബേസ് നിരക്കായി നിശ്ചയിച്ച് ടെണ്ടർ ക്ഷണിക്കുന്നതിന് പകരം അടങ്കൽ തുക ബേസ് നിരക്കായി നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചതാണ് അപാകതക്ക് കാരണം. നിർവ്വഹണത്തിലെ അപാകതമൂലം പഞ്ചായത്തിന് 180273/- രൂപ (300000-119727) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 7/10-08-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ജില്ലാപഞ്ചായത്തിൽ നിന്നും 135000/- രൂപക്ക് ടെണ്ടർ ചെയ്തിട്ടും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ കൂട്ടിക്കൽ പഞ്ചായത്തിനോട് പ്രോജക്റ്റ് വയ്ക്കാൻ നിർദ്ദേശിച്ചതായി അറിയിച്ചു. കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ അധിക തുക ചെലവഴിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 180273/- രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 24.06.2023 | 07.08.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്റ്റിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 45/22-23 പാലിയേറ്റീവ് പരിചരണം | 124370 | 124370 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 40/22-23 ലൈഫ് ഭവന പദ്ധതി-ജനറൽ | 360000 | 360000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 42/22-23 ലൈഫ് ഭവന പദ്ധതി-റ്റി എസ് പി | 80000 | 80000 | 0 |

| | | | | |
|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 238/22-23 അതിദരിദ്രർക്ക് വീട് മെയിന്റനൻസ് | 50000 | 50000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 41/23 ലൈഫ് ഭവന പദ്ധതി-എസ് സി പി | 160000 | 160000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 13/22-23 അങ്കണവാടി പോഷകാഹാരം | 200000 | 200000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 44/22-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 251000 | 251000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 83/22-23 ഞർക്കാട് തമ്പലക്കാട് കോളനി റോഡ് മോയിന്റനൻസ് | 412468 | 412468 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 125/22-23 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 100000 | 100000 | 0 |
| | ആകെ | **1737838** | **1737838** | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 45/22-23 പാലിയേറ്റീവ് പരിചരണം | 150000 | 150000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 42/22-23 ലൈഫ് ഭവന പദ്ധതി-റ്റി എസ് പി | 180000 | 180000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 44/22-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 65500 | 65500 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 125/22-23 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 16075 | 16075 | 0 |

| | ആകെ | 411575 | 411575 | 0 |
|---|---|---|---|---|

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നൽകിയ തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | 220/22-23 സ്ട്രീറ്റ് ലൈൻ വലിക്കൽ | 825000/- | 0 | 825000/- |
| കെ എസ് ഇ ബി | 2/22-23 സ്ട്രീറ്റ് മെയിൻ വലിക്കൽ | 1096928/- | 0 | 1096928/- |
| കെ എസ് ഇ ബി | 190/22-23 പി എസ് ജംഗ്ഷൻ കുടിവെള്ള പദ്ധതി - ത്രീ ഫേസ് ലൈൻ | 50622/- | 0 | 50622/- |
| ഭൂജല വകുപ്പ് | 03/22-23 ചേരിക്കൽ കോളനിയിൽ കുഴൽക്കിണർ നിർമ്മാണം (വാർഡ് 12) | 300000/- | 0 | 300000/- |
| ആകെ | | 2272550/- | 0 | 2272550/- |

190/22-23, പി എസ് ജംഗ്ഷൻ കുടിവെള്ള പദ്ധതി - ത്രീ ഫേസ് ലൈൻ പ്രകാരം കെ എസ് ഇ ബി-ക്ക് നൽകിയിട്ടുള്ള 50622/- രൂപ വാർഷിക ധനകാര്യ പത്രികയിലെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | യിരുന്ന തുക | | | | തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 2,37,28,000/- | 13,00,000/- | 35,59,638/- | - | 2,14,68,362/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ നിലവിലുണ്ടെങ്കിലും ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | 2 അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 3-1 | 2018-19 | കോട്ടയം ജില്ല-5 | നിയമവും ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) റസീറ്റ് & പേയ്മെന്റ് പ്രകാരം | : | 45444784.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് റസീറ്റ് & പേയ്മെന്റ് പ്രകാരം | : | 29781922.00 |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 180273/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2374553/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (1-21) | 180273/- | ശ്രീ.അജീഷ് കെ ജി , അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 8973/- | ശ്രീ.അജീഷ് കെ ജി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 48817/- | ശ്രീ.അജീഷ് കെ ജി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 2272550/- | ശ്രീമതി ഗിരിജ കുമാരി അയ്യപ്പൻ (സെക്രട്ടറി) |
| 1-31 | 44213/- | ശ്രീമതി നിമ്മി ജേക്കബ്, സെക്രട്ടറി |
| ആകെ | 2374553/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടത്തിയ സമയത്ത്) ഔദ്യോഗിക മേൽവിലാസം | സ്ഥിരമേൽവിലാസം |
|---|---|---|
| ശ്രീ.അജീഷ് കെ ജി , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | കലങ്ങോട്ടിൽ പുഞ്ചവയൽ പി ഒ മുണ്ടക്കയം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരകുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/67/2021 /25.08.2022 | - |
| 1998-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11-537/2017 /19.12.2017 | 1 |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1863/2022 /25.08.2022 | - |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി9-1384/2007 /06.07.2007 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/7/2022 /25.08.2022 | - |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1088/2022 /25.08.2022 | - |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1089/2022 /25.08.2022 | - |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1154/2022 /25.08.2022 | - |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1425(1)/2022 /25.08.2022 | - |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1428/2022 /25.08.2022 | - |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/942/2022 /25.08.2022 | 2 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/2505/22 | 4 |

| | | |
|---|---|---|
| | തീയതി 04.02.2023 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11/അദാ.22 /944/22 തീയതി 25.08.2022 | 11 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/879/2022 /25.08.2022 | 3 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/2174 /2022/04.01.2023/04.02.2023 | 4 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/1153 /2022/09.01.2023/04.03.2023 | 7 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/1188/2021 /24.09.2021 | 29 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/1189/2021 /30.09.2021 | 39 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി11/908/2021 /10.07.2023/21.07.2023 | 17 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Koottickal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koottickal Grama Panchayat for the year 2022-2023

**Date: 04/11/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Koottickal Grama Panchayat for the Year 2022-2023.

**1.Major Observations**

1. Asset Register is not kept up to date.

2. Asset data base not prepared in Panchayath.

3.Payment Voucher- Misclassification. Amount deposited to KSEB not included in B-18 Schedule of AFS.

4.Documents for verification of Panchayath general fund not provided.

5.Documents for verification of capital contribution accounted not provided.

**2.Other Observations**

1.Ratios on various financial performance as prescribed in accounting rules are not generated and submitted for audit.

2. Cashflow statement Net increase /decrease in cashflow does not match with the difference between

the opening balance and closing balance of cash and cash equivalents.

3. Not providing adequate provision for arrears.

4. B5, B16 Schedules do not match with each other.

5.Grant Appropriation Control Register does not match with AFS.

6. Government/Other dues register not maintained to substantiate financial statements.

7. Property tax- demand, collection and balance amounts as per register does not match with Financial Statements.

Deputy Director
District Audit Office, Kottayam
Kerala State Audit Depaartment

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്